സർ, അതുപോലെതന്നെ ഇന്ന് 12 കോടി രൂപ കേരളത്തെ ടോട്ടലായിട്ട് ഈ രോഗത്തിൽനിന്ന് വിമുക്തമാക്കുന്നതിനുള്ള ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായിട്ട് നീക്കിവച്ച് നടപടികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ റിപ്പീറ്റ് ചെയ്ത് ഇൻജെക്ഷൻ കൊടുത്തിട്ട് ഈ ഒരു വർഷം കൊണ്ട് ടോട്ടൽ ഇമ്മ്യൂണൈസേഷനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(9) വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. ആന്റണി രാജു : സർ, അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആക്കുളത്തിനു കൂടി പ്രയോജനം ചെയ്യുന്ന ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. പ്രകൃതിരമണീയമായ വേളി വിനോദസഞ്ചാര കേന്ദ്രത്തിന്റെ അനന്തമായ സാധ്യതകൾ നമുക്ക് ഇതുവരെ പൂർണ്ണമായി പ്രയോജനപ്പെടുത്താനോ വികസിപ്പിച്ചെടുക്കാനോ കഴിഞ്ഞിട്ടില്ല. വിദേശരാജ്യങ്ങളും ഇൻഡ്യയിലെത്തന്നെ പല സംസ്ഥാനങ്ങളും വിനോദസഞ്ചാര വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മെഗാ പ്രോജക്ടുകളുമായിട്ട് മുന്നോട്ടു പോകുമ്പോൾ നമ്മൾ ചെറിയ ചെറിയ പ്രോജക്ടുകളെക്കുറിച്ചാണ് ആലോചിക്കുന്നത്. സാമ്പത്തികപ്രതിസന്ധിയാണ് പലപ്പോഴും നമ്മെ ഇതിന് അനുവദിക്കാതെ പോകുന്നത്. സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണെങ്കിലും മെഗാ പ്രോജക്ടുകൾ ഏറ്റെടുക്കണം. രാജ്യാന്തര വിമാനത്താവളത്തിന്റെ സാമീപ്യമുള്ളതും തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിലുള്ളതുമായ വേളി വിനോദസഞ്ചാരകേന്ദ്രം കേരളത്തിലെ ഏറ്റവും വലിയ ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിച്ചെടുക്കുന്നതിന്, അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടെ രാജ്യാന്തരനിലവാരത്തിലുള്ള അകേറിയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ബൃഹത്തായ ഒരു വികസന പദ്ധതിയ്ക്ക് അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്ന് ബഹു.മന്ത്രിയോട് ആവശ്യപ്പെടുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഇത് സൗത്ത് ഇൻഡ്യയിലെ ഏറ്റവും നല്ല വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ 25 ഏക്കർ കൂടി അകയർ ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെയുള്ളത് പൊഴിക്കര ഭാഗത്തെ ലാൻഡ്സ്കേപ്പിംഗ്, കുട്ടികളുടെ പാർക്ക് എന്നിവയുടെ വികസനം, മിനി ട്രെയിൻ സ്ഥാപിക്കുക എന്നിവയാണ്. മിനി ട്രെയിനിന്റെ കാര്യം ഇപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ ഗവൺമെന്റ് ട്രെയിൻ ഓടിച്ചാൽ ഇടയ്ക്കിടയ്ക്ക് കിടന്നുപോകും. അതുകൊണ്ട് അതൊക്കെ പ്രൈവറ്റ് സെക്ടറിനെ ഏൽപ്പിച്ച് അവരെക്കൊണ്ട് നടത്തിക്കാനാണ് നോക്കുന്നത്. അതുകൂടാതെ പുതിയതായി ഏറ്റെടുത്ത ഭൂമിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഓഷ്യനേറിയം, ഡോൾഫിനേറിയം ഇതെല്ലാം സ്ഥാപിക്കാനായിട്ട് ടെണ്ടർ വിളിച്ചു. ഇന്റർനാഷണൽ ഏജൻസീസ് വരെ വന്നിട്ടുണ്ട്. അതിൽ അവർ 6 പേരെ വീതം എടുത്തു കഴിഞ്ഞു. അവർക്ക് ഈ സ്ഥലം കൊടുക്കുന്നതിന് അതിന്റെ കോൺട്രാക്ട് ടേംസ് ക്യാബിനറ്റ് അപ്രൂവ് ചെയ്തുകഴിഞ്ഞാൽ അതിൽ നിന്ന് ചൂസ് ചെയ്ത് എടുക്കാം. ഒരുവർഷത്തിനകം കുട്ടികളുടെ അമ്യൂസ്മെന്റ് പാർക്ക് perhaps the best in South India - ഓഷ്യനേറിയം, ഡോൾഫിനേറിയം പിന്നെ കുട്ടികൾക്കുള്ള ട്രെയിൻ സർവ്വീസ്, ബോട്ടിംഗ് ഫെസിലിറ്റീസ്, അതുകൂടാതെ അവിടേയ്ക്ക് വരുന്ന റോഡ് വൈഡനിംഗ് ചെയ്തിട്ട് അവിടെ ലൈറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെയുണ്ട്. ഇത് ഇന്റേണൽ ടൂറിസമാണ്, അല്ലാതെ വിദേശികളെ ആകർഷിക്കാനല്ല.

മി. സ്പീക്കർ : ആക്കുളത്തിന്റെ കാര്യമെന്തായി?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ആക്കുളം ഡി.റ്റി.പി.സി.യുടെ കീഴിലാണ്. അതിന്റെ കൂടെ അനുബന്ധമായിട്ട് ഇതുകൂടി വികസിപ്പിച്ചെടുക്കാം.

(10) റിബേറ്റ് നിറുത്തലാക്കിയതുമൂലം ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ബാബു : സർ, 1.4.99 മുതൽ ഖാദി വസ്ത്രങ്ങളുടെ ചില്ലറ വിൽപനയ്ക്ക് നൽകിക്കൊണ്ടിരുന്ന റിബേറ്റ് നിറുത്തലാക്കിയിരിക്കുകയാണ്. 1950 മുതൽ അഖിലേന്ത്യാ ഖാദി വ്യവസായ കമ്മിഷൻ ഈ റിബേറ്റ് നൽകിവരികയായിരുന്നു. ഇപ്പോൾ അത് നിറുത്തലാക്കിയിരിക്കുകയാണ്. ഇത് നിറുത്തലാക്കിയതിനെത്തുടർന്ന് ഖാദി വിൽപനയിൽ 50 ശതമാനം മുതൽ 75 ശതമാനംവരെ കുറവുണ്ടായിരിക്കുകയാണ്. ഖാദി ഉൽപാദിപ്പിക്കുന്ന സംഘങ്ങളും സ്ഥാപനങ്ങളും പൂട്ടിയിടുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. സർ, ഖാദി വ്യവസായത്തിൽ കേരളത്തിലെ നാലു ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ തൊഴിലാളികളെയും ഈ വ്യവസായത്തെയും ഇത് ഗുരുതരമായി ബാധിച്ചുകഴിഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഖാദി കമ്മീഷൻ മുഖേന നൽകുന്ന ഈ റിബേറ്റ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതുവരെ സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും സഹായം ഈ വ്യവസായത്തിന് നൽകുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, ഖാദി വിൽപനയിന്മേലുള്ള റിബേറ്റ് കേന്ദ്ര സർക്കാർ ഖാദി ഗ്രാമവ്യവസായ കമ്മിഷൻ മുഖേനയാണ് നൽകിവരുന്നത്. 1.4.1999 മുതൽ റിബേറ്റ് നിറുത്തലാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. എല്ലാകൊല്ലവും അതാത് വർഷങ്ങളിലെ പോളിസിയാണ് പ്രഖ്യാപിക്കാനുള്ളത്. കഴിഞ്ഞ മൂന്നുവർഷവും അങ്ങനെയാണ് ചെയ്തത്. കഴിഞ്ഞ സാമ്പത്തികവർഷം 10 ശതമാനം സാധാരണ റിബേറ്റും 10 ശതമാനം പ്രത്യേക ഉത്സവകാല റിബേറ്റും വരെ അനുവദിച്ചിരുന്നു. ഈ വർഷത്തിൽ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ഖാദി ബോർഡും ഖാദിബോർഡ് ചെയർമാനും സംസ്ഥാന ഗവൺമെന്റും സമ്മർദ്ദം ചെലുത്തിവരികയാണ്.

മി. സ്പീക്കർ : ഇല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് സഹായം നൽകുമോയെന്ന് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിരുന്നു. അതിന് മറുപടി പറഞ്ഞില്ല.

ശ്രീമതി സുശീലാ ഗോപാലൻ : സംസ്ഥാന ഗവൺമെന്റ് കൊടുക്കാനുള്ള 10 ശതമാനത്തിൽ വാസ്തവത്തിൽ 6.3 ശതമാനം കുടിശ്ശികയാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഈ കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly